# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.15-1884/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/12/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.15-1884/2022 തീയ്യതി: 14/12/2022

## പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-04-2022 മുതൽ 09-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ. ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-08-2022 | 22-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-08-2022 | 22-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട് കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജാത. എ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശബ്ലാദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി.ഐ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എ. സതീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഗിരീഷ് ചന്ദ്രൻ | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ.ഗിരീഷ് | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശരണ്യ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷിജിൻ കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.ജൂമിത വി.ജി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസാദ്.ജെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.രാധിക | ഡി.ഇ.ഒ | 01-04-2021 | 23-07-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡി.ഇ.ഒ | 24-07-2021 | 05-09-2021 |
| ശ്രീമതി.സംഗീത.വി.എസ് | ഡി.എഫ്.ഐ | 06-09-2021 | 31-03-2022 |
| ശ്രീ.എം.എൻ.രാജേഷ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 25-08-2021 |
| ശ്രീ.മനുചന്ദ്രൻ | ഫിഷറീസ് ഇൻസ്പെക്ടർ | 26-08-2021 | 31-03-2022 |
| ശ്രീമതി.ഗിരിജ. | എച്ച് എം | 01-04-2021 | 26-10-2021 |
| ശ്രീമതി.സൈറാബാനു.പി.എ | എച്ച് എം | 27-10-2021 | 31-03-2022 |
| ഡോ.എം.ഗുരുസ്വാമി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 19-12-2021 |
| ഡോ.റെഷിൻ.പി.എം | വെറ്ററിനറി സർജ്ജൻ | 20-12-2021 | 31-03-2022 |
| ശ്രീ.ശശികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-11 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല | 1-11-1 |
| 14 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല. | 1-11-2 |
| 15 | ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം | 1-11-3 |
| 16 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-11-4 |
| 17 | വെള്ളക്കരം - കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-12 |
| 18 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ- വാടക ബൈലോ നിർമ്മിച്ചിട്ടില്ല | 1-13 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-14 |
| 20 | ക്ഷീരവികസന മേഖലയിലെ പ്രോജക്ടുകൾ | 1-15 |
| 21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മുഴുവൻ കാലയളവിലേക്കും സബ്സിഡി അനുവദിച്ചിട്ടില്ല | 1-15-1 |
| 22 | ക്ഷീര സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന വിഷയം പരിഗണിക്കേണ്ടതാണ് | 1-15-2 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - | 1-16 |

| | | |
|---|---|---|
| | പ്രിന്റർ ലഭ്യമായില്ല-തുക തടസ്സപ്പെടുത്തുന്നു. | |
| 24 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ | 1-17 |
| 25 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-സിൽക് എന്ന സ്ഥാപനം മുഖേന നേരിട്ട് നടപ്പിലാക്കി | 1-17-1 |
| 26 | സിൽക് എന്ന സ്ഥാപനത്തിൽ നിന്നും മാർഗ്ഗനിർദ്ദേശം പാലിക്കാതെ നേരിട്ട് വാങ്ങി. | 1-17-2 |
| 27 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ | 1-18 |
| 28 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത | 1-19 |
| 29 | ആശ്രയ പദ്ധതി-തുക ചെലവഴിച്ചില്ല | 1-20 |
| 30 | ആർട്കോയിൽ നിന്നും കട്ടിൽ വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-21 |
| 31 | അങ്കണവാടി പോഷകാഹാര പരിപാടി - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-22 |
| 32 | കറവപ്പശു വിതരണം പ്രോജക്ട് - കരാർ ചമച്ചതിലെ അപാകതകൾ. | 1-23 |
| 33 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രൊജക്ട് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളിലെ വിവിധ പത്രികകൾ- സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.02.2021 തീയതിയിലെ 1-1 തീരുമാനപ്രകാരം 2021-22 ലെ മതിപ്പ് ബജറ്റ് അംഗീകരിച്ചു. ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | മതിപ്പ് ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 44,26,487.30 | 45,95,326.00 |
| വരവ് | 19,32,34,000.00 | 14,65,13,599.00 |
| ആകെ | 19,76,60,487.30 | 15,11,08,925.00 |
| ചെലവ് | 19,22,64,000.00 | 14,55,97,931.00 |
| നീക്കിയിരിപ്പ് | 53,96,487.30 | 55,10,994.00 |

ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.01.2021 ന് ഘടക സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടായിരുന്നു. ആയുർവ്വേദ മെഡിക്കൽ ഓഫീസർ, ജി.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ, അഗ്രികൾച്ചർ ഓഫീസർ എന്നിവർ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. മറ്റ് സ്ഥാപന മേധാവികൾ പദ്ധതിയേതര വരവുചെലവുകളുടെ വിവരം ബജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി നൽകിയിട്ടില്ല.

ബഡ്ജറ്റിൽ ₹19.32 കോടി വരവും ₹19.22 കോടി ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് ₹8.47 കോടിയും ചെലവ് ₹6.61 കോടിയും ആണ്. പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള മതിപ്പ ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവുചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവിന്റെ ഇരട്ടിയോളം ബഡ്ജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt) No.3291/2016 /LSGD/02.12.2016 പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 18-07-2022 | - | - |

### 1-2-1 വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. State Share ഇനത്തിൽ ലഭ്യമായ 1 ലക്ഷം രൂപയുടെ വരവ് ലോൺ എന്ന ഹെഡിലാണ് വരവ് വെച്ചിരിക്കുന്നത്.

2. വാർഷിക കണക്കുകൾ പ്രകാരം വാട്ടർ ചാർജസ് ഇനത്തിൽ തൻവർഷ കുടിശ്ശിക 7,82,260 രൂപയും മുൻവർഷ കുടിശ്ശിക 26,05,406 രൂപയുമുൾപ്പെടെ ആകെ 33,87,666 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3. NREGS വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.സെൻട്രൽ ഫിനാൻസ് കമ്മീഷൻ വരവ് തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,18,33,225.00 |
| വരവ് | 7,22,58,653.00 |
| ആകെ | 8,40,91,878.00 |
| ചെലവ് | 7,19,80,735.00 |
| നീക്കിയിരിപ്പ് | 1,21,11,143.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 10382938 | 10382938 | 8619711 | 1763227 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 16084175 | 16084175 | 12411154 | 3673021 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 14625457 | 14625457 | 13438078 | 1187379 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4870979 | 4870979 | 2998457 | 1872522 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 2212247(Interest ഉൾപ്പെടെ) | 2212247 | 602961# | (ബാങ്കിൽ) 1609286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 2288005 | 2288005 | 1389499(#) | 898506 (ലാപ്സ് ആയി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 70132 | 70132 | 55120 | 15012 (ലാപ്സ് ആയി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 3233000 | 3233000 | 623059(##) | 2609941 (ബാങ്കിൽ) |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 1601400/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 454667/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

#വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റിന്റെ

ചെലവ് തുക എ സി ആർ പ്രകാരമുള്ള ചെലവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. എ സി ആർ പ്രകാരമുള്ള ചെലവ് 2426096/- രൂപയാണ്

##വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ ചെലവ് തുക എ സി ആർ പ്രകാരമുള്ള ചെലവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. എ സി ആർ പ്രകാരമുള്ള ചെലവ് 2473579/- രൂപയാണ്

1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 586975 | 689933 | 1276908 | 1017809 | 259099 |
| TSC (ODF) | 744000 | 0 | 744000 | 0 | 744000 |
| പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് | 1595617 | 0 | 1595617 | 869325 | 726292 |
| സമ്പൂർണ്ണ ശുചിത്വം-MCF Building& വാർഡ് തല ശുചീകരണം | 357897 | 300000 | 657897 | 632710 | 25187 |
| സ്വച്ഛ്ഭാരത് അഭിയാൻ | | 416449 | 416449 | 416449 | 0 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1044340 | 3314073 | 4358413 | 4104026 | 254387 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 37308457 | 37308457 | 37308457 | 0 |
| ആകെ | 1044340 | 40622530 | 41666870 | 41412483 | 254387 |

3.സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ആശ്രയ ചലഞ്ച് ഫണ്ട് | 1333333 | 30000 | 1363333 | 1333333 | 30000 |
| ലൈഫ്-അഡീഷണൽ ഫണ്ട് | 120000 | 0 | 120000 | 120000 | 0 |
| ലൈഫ് | 0 | 100000 | 100000 | 0 | 100000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | ക്കിയത് (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
| 196 | 82371747 | 152 | 50912075 | - | 44 | 77.55 |

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 11025000 | 3 | 6067737 | 55.04 |
| വെറ്റിനറി സർജൻ | 6 | 3115000 | 6 | 1715000 | 55.06 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 6 | 1055995 | 5 | 837278 | 79.29 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 800000 | 3 | 800000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1107000 | 1 | 122046 | 11.02 |
| വി.ഇ.ഒ | 18 | 16773286 | 15 | 5741916 | 34.23 |
| ICDS സൂപ്പർ വൈസർ | 8 | 5597905 | 8 | 5001584 | 89.35 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 600000 | 2 | 538405 | 89.73 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 33 | 8426580 | 19 | 3636355 | 43.15 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 26690615 | 82 | 21415431 | 80.24 |
| ഹെഡ് മാസ്റ്റർ | 8 | 1998419 | 2 | 1125200 | 56.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5181947 | 6 | 3911123 | 75.47 |
| ആകെ | 196 | 82371747 | 152 | 50912075 | 61.81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1044340 | 3314073 | 4358413 | 4104026 | 254387 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ | 0 | 37308457 | 37308457 | 37308457 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | | | | | |
| ആകെ | 1044340 | 40622530 | 41666870 | 41412483 | 254387 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6856200 | 436 |
| 2 | വാർദ്ധക്യകാല പെൻഷൻ | 25622800 | 1826 |
| 3 | വികലാംഗ പെൻഷൻ | 4445800 | 285 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1895200 | 121 |
| 5 | വിധവാ പെൻഷൻ | 16214400 | 121 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-08-2022-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 18033/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിന്റെ പരിശോധനയിൽ കാര്യമായ അപാകതകൾ കണ്ടെത്തിയിട്ടില്ല. എങ്കിലും തനത് വരുമാനത്തിന്റെ ഭാഗമായ വെള്ളക്കരം ഇനത്തിൽ കുറച്ചധികം തുക പിരിച്ചെടുക്കുവാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികൾ കാർഷിക മേഖലയിൽ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വൗച്ചറുകൾ, രജിസ്റ്ററുകൾ എല്ലാംതന്നെ യഥാവിധി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2022 | 01-05-2022 മുതൽ 31-05-2022 വരെ | 21-06-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-09-2006 മുതൽ 23-09-2006 വരെ | 1997-98 മുതൽ 2005-06 വരെ | 2-11-2006 |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സാമ്പത്തിക വർഷം 256 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും ഫീസ് ഇനത്തിൽ 1,04,990/- രൂപയുടെ വരവുമുണ്ട്. കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

1-11-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. അപേക്ഷകളിലോ, രജിസ്റ്ററിലോ അത്തരത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഇൻവെസ്റ്റ്മെന്റ് രേഖപ്പെടുത്തി വാങ്ങുന്നില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. കൂടാതെ ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും പ്രസ്തുത സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

1-11-2 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ തൻവർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. തുക ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനത്തിന്റ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 42 | VC Mohanan, Global Polymers | 115 HP | 2000 |
| 2 | 76 | KV Ramadas, KRV Saw Mill | 30 HP | 400 |
| 3 | 90 | Madhavan.V, ELGI Rubber Company | 2004 HP | 20,040 |
| 4 | 91 | MR Vijayan, MSR Saw Mill | 35 HP | 400 |
| 5 | 92 | MV Krishnan, Brothers Saw Mill | 36.5 HP | 400 |

| | | | | |
|---|---|---|---|---|
| 6 | 5 | K Kaleeswaran, Devi Rice Mill | 10 HP | 100 |
| 7 | 6 | Unnikrishnan.M, Sreekrishna Rice Mill | 10 HP | 100 |
| 8 | 9 | Geethanjali.C, Krishna Rice Mill | 10 HP | 100 |
| 9 | 10 | MB Sreekumar, Balakrishna Oil Mill | 10 HP | 100 |
| 10 | 11 | Vijayakumar, Vijaya Rice Mill | 10 HP | 100 |

തുക അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-11-3 ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിൽ, യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-11-4 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | സ്ഥാപനം |
|---|---|---|
| 1 | 61 | സുപ്രിയ കേക്ക് ഫാക്ടറി |
| 2 | 82 | കുമാർ ബേക്സ് |

| | | |
|---|---|---|
| 3 | 58 | ഗോൾഡൻ ബേക്കറി |
| 4 | 73 | മലബാർ ബിരിയാണി മെസ് |
| 5 | 121 | ഫുഡ് ഐറ്റംസ് പ്രൊഡക്ഷൻ & സെയിൽ |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്.

2. ലൈസൻസ് അപേക്ഷകളിൽ സ്ഥലപരിശോധന റിപ്പോർട്ട്, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

3. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിൽ യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുൻപായി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12 വെള്ളക്കരം - കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആറു കുടിവെള്ള പദ്ധതികളിലായി 1700 ലധികം ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണെന്ന് കാണുന്നു. കൃത്യമായ ഡിമാന്റും വരവു കുടിശ്ശികയും എത്രയെന്ന് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയിലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

Current- 7,82,260.00

Arrear- 26,05,406.00

Total- 33,87,666.00

ഇവ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 14/22.08.22)

1-13 ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ- വാടക ബൈലോ നിർമ്മിച്ചിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലുള്ള 5 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. 3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഡിപ്പോസിറ്റ് | തുക |
|---|---|---|---|
| 1 | Contractor's EMD | 2017 | 5000 |

| | | | |
|---|---|---|---|
| 2 | Contractor's Security Deposit | 2017 | 14000 |
| | | Total | 19000/- |

ഇവയെ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15/22.08.2022)

## 1-15 ക്ഷീരവികസന മേഖലയിലെ പ്രോജക്ടുകൾ

ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ (ഒരാൾക്ക് ഒരു വർഷം പരമാവധി 40000 രൂപ) സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെ 2 പ്രോജക്ടുകൾ തൻ വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-15-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മുഴുവൻ കാലയളവിലേക്കും സബ്സിഡി അനുവദിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 42/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 – വികസന ഫണ്ട് (ജനറൽ) | 400000 | 1/14-02-22 | 331 ഗുണഭോക്താക്കൾക്ക് 06/2021, 07/2021, 08/2021 എന്നീ മാസങ്ങളിലെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. |
| 43/22, എസ്.സി വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 – വികസന ഫണ്ട് SCP | 138405 | 2/28-02-22 – 112398/-<br>3/28-02-22 – 2007/-<br>4/11-03-22 – 14322/-<br>5/11-03-22 – 4851/-<br>6/11-03-22 – 4827/- | 67 ഗുണഭോക്താക്കൾക്ക് 08/2021 മുതൽ 03/2022 വരെയുള്ള സബ്സിഡി അനുവദിച്ചിട്ടുണ്ട്. |

പ്രോജക്ട് നം. 42/22 പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടും ക്ഷീരകർഷകർക്ക് 3 മാസത്തെ സബ്സിഡി മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്. മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകാൻ കഴിയുന്ന വിധത്തിൽ കൂടുതൽ തുക വകയിരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 3/17-08-22) മറുപടി ലഭ്യമാക്കിയില്ല.

ക്ഷീരകർഷകർക്ക് ഒരു വർഷം മുഴുവൻ കാലയളവിലേക്കും സബ്സിഡി ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ മതിയായ തുക വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ കൂടി ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുവാൻ കഴിയുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15-2 ക്ഷീര സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന വിഷയം പരിഗണിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച മേൽ പ്രോജക്ടുകൾ പ്രകാരം 3 ക്ഷീര സംഘങ്ങളിലായി പാലളക്കുന്ന ക്ഷീരകർഷകർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇൻഷ്വർ ചെയ്ത പശുക്കളുള്ള ക്ഷീര സഹകരണസംഘങ്ങളുടെ പ്രവർത്തന മേഖലയിലല്ലാത്ത മറ്റു ക്ഷീരകർഷകർക്കും ഉത്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഒരു വർഷം 15000 രൂപ വരെ നൽകാവുന്നതാണെന്ന് സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018 മാർഗ്ഗരേഖയിലെ ഖ.6.2.8, സ.ഉ. 545/2019 /തസ്വഭവ തീയ്യതി. 7-3-2019 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ക്ഷീരകർഷകരെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും സംഘങ്ങളിൽ പാൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 3/17-08-22 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല.

ഭാവിയിൽ പ്രോജക്ട് വിഭാവനം ചെയ്യുമ്പോൾ ഇൻഷ്വർ ചെയ്ത പശുക്കളുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാലളക്കാത്തതുമായ ക്ഷീര കർഷകർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിൽ അവരെക്കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തി അവർക്ക് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യം ലഭ്യമാക്കുന്ന രീതിയിൽ ചെയ്യുന്നത് പശു വളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ വിഭാഗം ക്ഷീരകർഷകർക്കും പ്രയോജനപ്രദമാകും എന്ന് വിലയിരുത്തുന്നു . ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള ക്ഷീര കർഷകരിൽ നിന്നു കൂടി അപേക്ഷകൾ സ്വീകരിക്കുകയും അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്ത് പാൽ ഉത്പാദനത്തിന് അനുസൃതമായി അർഹമായ സബ്സിഡി അനുവദിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല-തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം -64/22

അടങ്കൽ -300000/-(മെയിന്റനൻസ് ഗ്രാന്റ്)

ചെലവ്-74018/-

ബിൽ നം.31/30.3.22, തുക -54000

ബിൽ നം.30/30.3.22, തുക-20018

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഒരു ലാപ്ടോപ്പും പ്രിന്ററും വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. CPRCS ൽ ലാപ്ടോപ്പ് ഇല്ലാതിരുന്നതിനാൽ GeM മുഖേന ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രിന്റർ CPRCS മുഖേന ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക മുൻകൂറായി അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക | പ്രൊഫോർമ ഇൻവോയിസ് നം. | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 30/30.3.22 | 20018 | TVM/ITBG /PI/RC/34405 /20-21-3.2.22 | 20018/- രൂപ വിലയുള്ള മൾട്ടി ഫംഗ്ഷൻ ലേസർ പ്രിന്റർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക മുൻകൂറായി നൽകിയത് |

എന്നാൽ മേൽപ്പറഞ്ഞ പ്രിന്റർ നാളിതുവരെയും ലഭ്യമായിട്ടില്ല. ആയതിനാൽ 20,018/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രിന്റർ ലഭ്യമാക്കി ഒറിജിനൽ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11) പേയ്മെന്റ് നടത്തി വർക്ക് ഓർഡർ പ്രോസസ് ചെയ്യുന്ന സമയത്ത് പ്രിന്റർ ലഭ്യമല്ലാത്തതിനാൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ കഴിയാതെ വന്നുവെന്നും പുതിയ ടെണ്ടർ അംഗീകരിച്ച് സാധനങ്ങൾ ലഭ്യമാക്കാൻ ജൂൺ 30 ന് കഴിയുമെന്നും അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ലെന്നും സൈറ്റിൽ പ്രിന്റർ ലഭ്യമാവുന്ന മുറയ്ക്ക് പുതിയ റിക്വയർമെന്റ് നൽകി പ്രിന്റർ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുന്നതിനു പകരം സിൽക് എന്ന സ്ഥാപനത്തിന് നേരിട്ട് പ്രവർത്തി ഏൽപിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-17-1 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-സിൽക് എന്ന സ്ഥാപനം മുഖേന നേരിട്ട് നടപ്പിലാക്കി

പ്രൊ.നം. 162/22- എൽ.ഇ.ഡി. ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-400000, വികസനഫണ്ട് (എസ് സി പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ചെലവ് :362504/-

| ബിൽ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 3/30.7.21 | 362504/- | CD/21-22/R/ 13-12.7.21 |

പദ്ധതിക്ക് സ്റ്റീൽ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ലഭ്യമാക്കിയിട്ടുണ്ട്. 29.1.21 തിയതിയിലെ 4(1) നമ്പർ തീരുമാനം പ്രകാരം ഭരണ സമിതി "സിൽക്ക്" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഒരു മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എ2-21/21 തീയതി 3.2.21 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. സ്ഥാപനവുമായി പ്രവർത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 8 മീ. ഉയരമുള്ള 2 പോളുകളിൽ 4 എൽ ഇ ഡി വിളക്കുകൾ (150W) സ്ഥാപിക്കുന്നതിന് 362504/- രൂപ എന്ന നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഈ പർച്ചേസ് നടത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ബി)29-02-2020ലെ G.O.(P)നം. 22/2020/ഫിൻ ഉത്തരവിൽ സിൽക്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന

സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ചത് ശരിയായ നടപടിയല്ല.

സി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/17.8.2022) ജി.ഒ(പി)നം.77/2019/ഫിൻ, തീയതി 4.7.2019 പ്രകാരം ഇത്തരം പ്രവർത്തികൾക്ക് പി.എം.സി.യായി സ്ഥാപനത്തെ നേരിട്ട് ഏൽപിക്കാവുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പി.എം.സി.യായി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17-2 സിൽക് എന്ന സ്ഥാപനത്തിൽ നിന്നും മാർഗ്ഗനിർദ്ദേശം പാലിക്കാതെ നേരിട്ട് വാങ്ങി.

പ്രൊ.നം. 167/22- എൽ ഇ ഡി ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-500000, വികസനഫണ്ട് (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് :362504/-

| ബിൽ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 27/22.2.22 | 362504/- | CD/21-22/R/24-13.8.21 |

പദ്ധതിക്ക് സ്റ്റീൽ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിൽ നിന്നും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ലഭ്യമാക്കിയിട്ടുണ്ട്. 24.8.21 തിയതിയിലെ 4(5) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം "സിൽക്ക്" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങിയ നടപടിയെ സാധൂകരിച്ചിട്ടുണ്ട്..

ഒരു മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എ2-21/21 തീയതി 4.3.21 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. സ്ഥാപനവുമായി പ്രവർത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 8 മീ. ഉയരമുള്ള 2 പോളുകളിൽ 4 എൽ ഇ ഡി വിളക്കുകൾ (150W) സ്ഥാപിക്കുന്നതിന് 362504/- രൂപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഈ പർച്ചേസ് നടത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ബി)29-02-2020ലെ G.O.(P)നം. 22/2020/ഫിൻ ഉത്തരവിൽ സിൽക്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ചത് ശരിയായ നടപടിയല്ല

സി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ

വാല്യേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയതിന്റെ രേഖകൾ ഇല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/19.8.22) ജി.ഒ (പി) നം.77/2019/ഫിൻ,തീയതി 4.7.2019 പ്രകാരം ഇത്തരം പ്രവർത്തികൾക്ക് പി എം സിയായി സ്ഥാപനത്തെ നേരിട്ട് ഏൽപിക്കാവുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം, വിവിധ കാരണങ്ങളാൽ അർഹത നഷ്ടപ്പെടുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ 23.09.2020 ലെ സ.ഉ.(എം.എസ്.)നം. 97/2020 നെ മുൻനിർത്തി പരിശോധിച്ചു.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

എ) ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്നു പരിശോധിച്ച് യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും മരണ രജിസ്റ്ററുകളും ഒത്തു നോക്കി പരിശോധിച്ചതിൽ മരണപ്പെട്ട ചിലർ നിലവിലും പെൻഷൻ ഡാറ്റാ ബേസിൽ ആക്റ്റീവ് ആയി തുടരുന്നു എന്നു കണ്ടെത്തി.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തരം | ഗുണഭോക്താവ് മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ | നിലവിലെ പെൻഷൻ സ്റ്റാറ്റസ് | അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1. | ജനാർദ്ദനനൻ, കൊളങ്കര വീട് ചേന്ദങ്കാട് 424435307218 | 108530 200924 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 19.6.21 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. | ആക്റ്റീവ് | ബാങ്കിലേക്ക് നൽകിയ തുക 19200 |
| 2 | സ്വർണകുമാരി തൈക്കാട്ട് വീട്, വറോഡ് 595498608769 | 108530 600143 | വിധവാ പെൻഷൻ | 10.6.21 | ജൂലായ് 2021 മുതൽ ഏപ്രിൽ 2022 വരെ | ആക്റ്റീവ് | 19200 |

<u>മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (8/20.8.22)മറുപടി വിവരം ചുവടെ ചേർക്കുന്നു.</u>

ക്രമ നം. 1 പ്രകാരമുള്ള തുക ബാങ്കിൽ നിന്നും സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ഗുണഭോക്താവ് 19.6.21 ന് മരണപ്പെട്ടതിനുശേഷം അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടില്ല എന്നും ബാങ്കിൽ നിന്നും തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം. 2 പ്രകാരമുള്ള ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ള തുക സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിന് ഗുണഭോക്താവിന്റെ നോമിനിക്കും ബാങ്കിൽ ഉള്ള തുക സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിന് ബാങ്കിനും കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണമടഞ്ഞവരുടെ പെൻഷൻ യഥാസമയം ക്യാൻസൽ ചെയ്യേണ്ടതും മരണമടഞ്ഞവരുടെ അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

1-19 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്.

1)പരുക്കഞ്ചേരി കുടിവെള്ളപദ്ധതി

2)കോട്ടായി മുട്ടിക്കടവ്

3)പുളിനെല്ലി ചേവ

4)കുന്നംചാത്തം പറമ്പ്

5)കണ്ടത്താർകാവ്

6) വറോഡ്

7)വലിയമ്മക്കാവ്

4 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ച് വേതനം നൽകിവരുന്നുണ്ട്. ആയത് കൂടാതെ ഒരു വാൾവ് ഓപ്പറേറ്റർക്കും വേതനം നൽകുന്നു. മുട്ടിക്കടവ് എന്ന ബൃഹത്തായ കുടിവെള്ള പദ്ധതിക്കായി പ്രതിമാസം ശരാശരി 100000/- വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കേണ്ടിവരുന്നു.

വാർഷികകണക്കിലെ രേഖപ്പെടുത്തൽ പ്രകാരം 2021-22 വർഷത്തിൽ രൂപ കുടിവെള്ള പദ്ധതികളുടെ 1498862/-വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ പമ്പ് 4 പമ്പ് ഓപ്പറേറ്റർമാർക്ക് ദിവസവേതനം നൽകുന്നതിന് ഏകദേശം 700000/- രൂപയോളം ചെലവഴിക്കേണ്ടിവരുന്നു.

1)രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

ഓരോ കുടിവെള്ള പദ്ധതിയിലുമുള്ള ഗാർഹികകണക്ഷനുകളുടെയും വാണിജ്യ കണക്ഷനുകളുടെയും പൊതു ടാപ്പുകളുടെയും എണ്ണം വ്യക്തമാകുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കുടിശ്ശികയുടെ വിവരം വ്യക്തമാക്കുന്നതിന് ഉപഭോക്താക്കളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)ഈ പദ്ധതികളിൽ നിന്നും 2021-22 വർഷത്തിൽ കുടിവെള്ള ചാർജിനത്തിൽ 734500/-രൂപയാണ് വരവുള്ളത്. വാർഷികകണക്ക് പ്രകാരം കുടിശ്ശികയായി 2605406/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമല്ല.

3) സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഉപഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഉപഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. ) മറുപടി ലഭ്യമാക്കിയില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

- കുടിശ്ശിക തുക കൃത്യമായി കണ്ടെത്തി രജിസ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുടിവെള്ള പദ്ധതികൾ ഉപഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-20 ആശ്രയ പദ്ധതി-തുക ചെലവഴിച്ചില്ല

നിർവ്വഹണം- അസി. സെക്രട്ടറി

ആശ്രയ ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക പിൻവലിച്ച് അഗതി രഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.33940201017654).

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | വകയിരുത്തിയ തുക | പിൻവലിച്ച തുക | ബിൽ നം. |
|---|---|---|---|---|
| ആശ്രയ പദ്ധതി | 10/22 | 159795 | 159795 | 12/21.3.22 |

അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം 152 ഗുണഭോക്താക്കളാണ് ഉള്ളത്.

പിൻവലിച്ച തുകയിൽ നിന്നും 50000/- രൂപ ഒരു ഗുണഭോക്താവിന് ഭവന പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

തുക നാളിതുവരെ ചെലവഴിക്കാത്തതിനും പിൻവലിച്ച തുക ഏത് രീതിയിലാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/) 2 ഗുണഭോക്താക്കൾക്ക് മേൽപ്പുരറിപ്പയറിനും 8 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനും വേണ്ടിയാണ് തുക മാറ്റിയതെന്നും ബാക്കി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-21 ആർട്കോയിൽ നിന്നും കട്ടിൽ വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

വൃദ്ധർക്ക് കട്ടിൽ എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ആർട്കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. 116 കട്ടിലുകൾ വീതം രണ്ട് പ്രോജക്ടുകളിലുമായി ആകെ 232 കട്ടിലുകൾ ഇൻവോയ്സ് നം. KKD 273/22-01-22, KKD 272/22-01-22 എന്നിവ പ്രകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം., പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 46/22, വൃദ്ധർക്ക് കട്ടിൽ ജനറൽ | 490000 (വികസന ഫണ്ട് ജനറൽ) | 487200 | 9/07-02-22 |
| 49/22, വൃദ്ധർക്ക് കട്ടിൽ എസ്.സി.പി | 490000 (വികസന ഫണ്ട് SCP) | 487200 | 10/07-02-22 |

18% ജി.എസ്.ടി (CGST-9%, SGST-9%) ഉൾപ്പെടെയുള്ള തുകയാണ് ആർട്കോയ്ക്ക് അനുവദിച്ചിട്ടുള്ളത്. (GSTIN- 32AAAAA2064P1ZW) .

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കുറവ് ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ടുകൾ പ്രകാരം ആർട്ട്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള

വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ട 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല. ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക പൂർണ്ണമായും വിതരണക്കാരന് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ ( നം.6/19-08-22) മറുപടിയായി സ്ഥാപനം ജി.എസ്.ടി അടവാക്കിയതിന്റെ റിട്ടേണുകൾ ഹാജരാക്കിയിട്ടുണ്ട്.

നിർദ്ദേശം

2.50 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന വാങ്ങലുകളിന്മേൽ നിയമാനുസൃതം 2% ജി.എസ്.ടി ടി.ഡി.എസ് സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 അങ്കണവാടി പോഷകാഹാര പരിപാടി - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പ്രോജക്റ്റുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമൃത ഫുഡ്സ്, കുത്തനൂർ എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 45/22-അങ്കണവാടി പോഷകാഹാരം പരിപാടി |
| അടങ്കൽ | 1539000<br>539000(വികസന ഫണ്ട് ജനറൽ)+ 1000000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 1519759<br>539000(വികസന ഫണ്ട് ജനറൽ)+ 980759 (കേന്ദ്രാവിഷ്കൃതം) |
| ബിൽ നം, തീയതി | 2/28-7-21 – 458917 ( അമൃത ഫുഡ്സ് - 346115)<br>5/28-9-21 – 41083 ( അമൃത ഫുഡ്സ്)<br>13/05-03-22 – 20108<br>16/23-03-22 – 18892 ( അമൃത ഫുഡ്സ്)<br>ചെക്ക് നം. 688530/31-12-21 – 566279-കേന്ദ്രാവിഷ്കൃതം ( അമൃത ഫുഡ്സ് - 459918)<br>ചെക്ക് നം. 33233/21-10-21 – 345934-കേന്ദ്രാവിഷ്കൃതം (അമൃത ഫുഡ്സ് - 267148)<br>ചെക്ക് നം. 688547/23-03-22 – 68546 –കേന്ദ്രാവിഷ്കൃതം (അമൃത ഫുഡ്സ് - 56668) |

2)

| | |
|---|---|
| പ്രോജക്റ്റ് നം. | 45/22-അങ്കണവാടി പോഷകാഹാര പരിപാടി SCP |
| അടങ്കൽ | 500000 ( വികസന ഫണ്ട് SCP) |
| ചെലവ് | 500000 |
| ബിൽ നം/ തീയതി | 1/28-07-21 – 500000 (അമൃത ഫുഡ്സ് - 412381) |

3)

| | |
|---|---|
| പ്രോജക്റ്റ് നം. | 214/22-അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ | 533605 |

| | |
|---|---|
| | 532605 ധനകാര്യ കമ്മീഷൻ അവാർഡ് + 1000 കേന്ദ്രാവിഷ്കൃതം |
| ചെലവ് | 532605 ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നം/ തീയതി | 12/05-03-22 – 132605 (അമൃത ഫുഡ്സ് - 16214)<br>15/ 19-03-22 – 400000 (അമൃത ഫുഡ്സ് - 282124) |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിൽ കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കുറവു ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ 5% ജി എസ് ടി ഉൾപ്പെടെ മുഴുവൻ തുകയും അമൃത ഫുഡ്സ്, കുത്തനൂർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.
ബില്ലുകളിൽ നിന്നും നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം തുക അനുവദിക്കാതെ മുഴുവൻ തുകയും അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിന് നല്കിയ 7/20-08-22 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സ്ഥാപനം ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി.

കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകളിൽ തുക അനുവദിക്കുമ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്തതിനു ശേഷം മാത്രം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കറവപ്പശു വിതരണം പ്രോജക്ട് - കരാർ ചമച്ചതിലെ അപാകതകൾ.

നിർവ്വഹണം - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ - 37/22, കറവപ്പശു വിതരണം (എസ്.സി വനിത)

അടങ്കൽ - 800000 ( 600000- വികസന ഫണ്ട് SCP + 200000 – ഗുണഭോക്തൃ വിഹിതം)

ചെലവ് - 360000 ( 270000 - വികസന ഫണ്ട് SCP + 90000 – ഗുണഭോക്തൃ വിഹിതം)

ബിൽ നമ്പർ - 4/ 14-03-22 – 120000

10/ 20-03-22 – 150000

ചെക്ക് നമ്പർ 33846/ 11-03-22 – 40000

ചെക്ക് നമ്പർ 688546/23-03-22 – 40000

40000 രൂപ വിലയുള്ള പശുക്കളെ പർച്ചേസ് കമ്മിറ്റി അംഗീകാരത്തോടെ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 9 ഗുണഭോക്താക്കൾക്കാണ് കറവപ്പശുക്കളെ വിതരണം ചെയ്തിട്ടുള്ളത്. 75% സബ്സിഡി + 25% ഗുണഭോക്തൃ വിഹിതവും (30000+10000) ഉൾപ്പെടെ 40000 രൂപ പശുക്കളെ വിതരണം ചെയ്ത വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ഉരുക്കളെ കൈമാറുന്ന വേളയിൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ അല്ല കരാർ ചമച്ചിട്ടുള്ളത്. 14-02-2018 ലെ സ.ഉ (കൈ) നം. 22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ പൊതു നിബന്ധനകൾ ഖ. 2.15 പ്രകാരം 25000 രൂപയിൽ കുറവ്

ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് മാത്രമാണ് മുദ്രപത്രത്തിന്റെ ആവശ്യമില്ലാത്തത്. 25000 രൂപയക്ക് മുകളിലുള്ള ആനുകൂല്യം നൽകുന്ന സന്ദർഭങ്ങളിൽ മതിയായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്.

30000 രൂപ സബ്സിഡി ആനുകൂല്യം അനുവദിച്ചിട്ടും ഗുണഭോക്താക്കളുമായി കരാർ വയ്ക്കുമ്പോൾമുദ്രപത്രത്തിൽ കരാർ ചമയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ 9/20-08-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ക്ലറിക്കൽ അപാകതയുടെ ഭാഗമായി സംഭവിച്ചതാണെന്നാണ് അറിയിച്ചത്.

ഓഡിറ്റ് നിർദ്ദേശം

25000 രൂപയിൽ കൂടുതൽ ആനുകൂല്യം നല്കുന്ന സംഗതികളിൽ എഗ്രിമെന്റ് വയ്ക്കുമ്പോൾ മതിയായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ ആയിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ

പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം - വി.ഇ.ഒ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 68/22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- ജനറൽ | 3509957 ( 309957 – വികസന ഫണ്ട് ജനറൽ, 1000000 –സംസ്ഥാനാവിഷ്കൃത ഫണ്ട്, 500000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 500000- ജില്ലാ പഞ്ചായത്ത് വിഹിതം, 1200000- KURDFC ലോൺ ) | 309758 – വികസന ഫണ്ട് |
| 17/22 | ലൈഫ് മിഷൻ - ഭവന നിർ മ്മാണം SCP | 6545333 ( 1945333- വികസന ഫണ്ട് SCP, 1500000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 800000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 800000- ജില്ലാ പഞ്ചായത്ത് വിഹിതം, 1500000- KURDFC ലോൺ) | 1910000- വികസന ഫണ്ട് ജനറൽ |
| 141/22 | ലൈഫ് പദ്ധതി എസ്.സി.ഡി.ഒ - അഡീഷണൽ പദ്ധതി | 1220000 (340000- വികസന ഫണ്ട് SCP, 200000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 680000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 440000 ( 320000- വികസന ഫണ്ട്, 120000- സംസ്ഥാനാവിഷ്കൃത ഫണ്ട്) |

രണ്ടാം ഘട്ടം

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ ആകെ 94 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത് ( ജനറൽ - 76, എസ്.സി - 9, എസ്.സി അഡീഷണൽ ലിസ്റ്റ് - 9 ). ആയതിൽ 87 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി.

മൂന്നാം ഘട്ടം

ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് ഭൂമി ലഭിക്കുകയും ചെയ്ത 18 (ജനറൽ- 5, എസ്.സി- 13) ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 13 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഫേസ് 2 , ഫേസ് 3 എന്നിവയിലായി എഗ്രിമെന്റ് വച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഷമീറ W/o മുസ്തഫ, കുന്നത്ത് പറമ്പ്, പുളിനെല്ലി | 260000 |
| 2 | റസിയ W/o അസ്ലാം, കാവതിയോട്, പുളിനെല്ലി | 250000 |
| 3 | ദേവകി, കൊല്ലങ്ങോട്ടുകളം, കോട്ടായി | 330000 |
| 4 | സുശീല W/o അയ്യപ്പൻ, കോഴിയോട്, കോട്ടായി | 300000 |
| 5 | പ്രിയ W/o സന്തോഷ്, ചെരിങ്കൽ പറമ്പ്, വറോഡ് | 40000 |
| 6 | സുമിജ W/o സന്തോഷ് , പടിഞ്ഞാറേമേക്കോണം, കരിയംകോട് | 40000 |
| 7 | ശാന്തി W/o രാജേഷ് , പാറലാംപടി, പുളിനെല്ലി | 200000 |
| 8 | ബേബി W/o പ്രശാന്ത്, കൊല്ലങ്കോട്ടുകളം, കോട്ടായി | 360000 |
| 9 | പ്രീജ W/o ശശികുമാർ, വറോഡ്, കോട്ടായി | 40000 |
| 10 | രാധിക W/o ബൈജുമോൻ, പനങ്കാവ്, ചമ്പ്രകുളം | 350000 |
| 11 | സത്യഭാമ W/o മുത്തു, മുന്തിരിത്തിക്കാട്, കോട്ടായി | 250000 |
| 12 | രഞ്ജുഷ W/o വിനോദ്, ചേരുംകോട്, ചേന്ദംകാട് | 300000 |

ക്രമ നം. 1, 3, 4, 8 പ്രകാരമുള്ള ഗുണഭോക്താക്കളുടെ മേൽക്കൂര വരെയുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ക്രമ നം. 9 ഒഴികെയുള്ള മറ്റ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം. 9 – പ്രീജ W/o ശശികുമാർ എന്ന ഗുണഭോക്താവ് നാളിതു വരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായും അറിയിച്ചിട്ടുണ്ട്. ഭരണസമിതിയിൽ ചർച്ച ചെയ്ത് പ്രസ്തുത ഗുണഭോക്താവിന്റെ ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/22-08-22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 10.8.2022 മുതൽ 22-8-2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

### 4-3 സംയുക്ത പ്രൊജക്ട്

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 172800 | 55/22 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 172800 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1984000 | 48/22 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1984000 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 115000 | 52/22പട്ടികജാതി വനിതകൾക്ക് നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 115000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 799088 | ലൈഫ് ഭവന പദ്ധതി | 420000 | 379088 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 71200 | 55/22 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71200 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1000000 | 48/22 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1000000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 35954 | ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നേരിട്ട് വരവ് വന്നത് | - | 35954 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 266040 | ലൈഫ് പദ്ധതി | - | 266040 |
| ആരോഗ്യവകുപ്പ് | 2021-22 | 30000 | ആയുർവേദാശുപത്രി നവീകരണം | - | 30000 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷികകണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 301994/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 379088/- രൂപയും വാർഷികകണക്കിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം എഴുതി സൂക്ഷിച്ചിട്ടില്ല.

ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക ചെലവഴിക്കുകയോ സർക്കാരിലേക്ക്

തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിക്കായി എ എഫ് എസ് പ്രകാരം വായ്പയിനത്തിൽ 100000 രൂപ വരവുണ്ട്. എന്നാൽ ലൈഫ് പദ്ധതിക്കായി സംസ്ഥാന വിഹിതമിനത്തിൽ ലഭ്യമായ തുകയാണ് ലോൺ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷത്തിൽ ലഭ്യമായതിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക 100000 രൂപയുൾപ്പെടെ 200000/- രൂപ 2021-22 വർഷത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ്. ജി.ഡി | 100000* | 14812000 | 1760000 | | 13152000 |

*യഥാർത്ഥത്തിൽ തൻവർഷം വായ്പയിനത്തിൽ തുക ലഭ്യമായിട്ടില്ലാത്തിനാൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള നീക്കിയിരുപ്പ് തുകയിൽ 100000/- രൂപ കൂടുതലായിട്ടാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

### 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

### 4-7 സ്ഥിര നിക്ഷേപം

ഇല്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 2.14 | പൊതുഅവലോകനം - ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | സമിതിയുടെ സിറ്റിംഗ് നടന്നിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 8,40,91,878.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 7,19,80,735.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഒന്നുമില്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഒന്നുമില്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 20,018/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 20,018 | ശ്രീ.ഗിരീഷ്, സെക്രട്ടറി |
| ആകെ | 20,018 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-18 സാമൂഹ്യസുരക്ഷാ പെൻഷൻ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഒന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | LF.P7/1024/99/3-6-2000 | 4 | പുനരഭിപ്രായം |
| 1997-98 | LFP12/415/02/ 15.5.02 | 5 | ഹെഡാഫീസ് കത്തിനുള്ളമറുപടി |
| 1998-99 | LFP12/943/01/15.10.01 | 6 | ഫർദർറിമാർക്സ് |
| 1999-2000 | LFP12/640/01 /16.1.02 | 5 | ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | LFP8/679/05/16.5.06 | 5 | ഫർദർ റിമാർക്സ് |
| 2001-02പ്ലാൻ | LFP8/598/05/14.5.06 | 3 | ഫർദർ റിമാർക്സ് |
| 2001-2002 വരവ്-ചെലവ് | LFP8/598/05/5.8.06 | 6 | ഫർദർ റിമാർക്സ് |
| 2002- 03 | LFP15/528/06/15.9.2006 | 6 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP15/655/08/20.8.2009 | 11 | ഫർദർ റിമാർക്സ് |
| 2004-05 | LFP15/748/11/7.6.11 | 1 | ഫർദർ റിമാർക്സ് |
| 2005-06 | LFP15/1124/11/5.9.11 | 3 | ശുദ്ധിപത്രം |
| 2006-07 | LFP15/1864/11/5.1.12 | 5 | ഫർദർറിമാർക്സ് |
| 2007-08 | LFP15/398/15/4.5.15 | 6 | ശ്രീ.സുബ്രഹ്മണ്യൻ, സെക്രട്ടറിയെ നേരിൽ |

| | | | |
|---|---|---|---|
| | | | കേട്ടത്-കത്ത്. |
| 2008-09, 09-10, 10-11 | LFP15/602/12/6.6.15 | 15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയത് സംബന്ധിച്ച് |
| 2011-12 | LFP11/1701/13/ 31.10.2013 | 11 | ഫർദർ റിമാർക്സ് |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | 9 | ഫർദർ റിമാർക്സ് |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | 4 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD15/19/2017 29.12.17 | 1 | പുനരഭിപ്രായം |
| 2016-17 | KSA-PKD15/1173 /2017/6.03.18 | 2 | പുനരഭിപ്രായം |
| 2017-18 | KSA-PKD15/160 /2019/01.03.2019. | 6 | പുനരഭിപ്രായം |
| 2018-19 | | 3 | പുനരഭിപ്രായം |
| 2019-20 | കെ.എസ്.എ-പി.കെ.ഡി-15/1058 /2022,6.7.2022 | 7 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-15/1099/2022 | 15 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകളിലെ വിവിധ പത്രികകൾ- സംക്ഷിപ്തം

| Kottayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20874186.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 55298260.00 |
| | Total Reserve & Surplus | | 76172446.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6991504.00 |
| | Total Grants, Contributions for Specific Purposes | | 6991504.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 13152000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 13152000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 722486.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1133063.20 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1855549.20 |
| | TOTAL LIABILITIES | | 98171499.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 931565.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17044774.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 72536201.00 |
| 416000000 | Accumulated Depreciation | B-11(a) | -22650791.00 |
| | Total Fixed Assets | | 67861749.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3709742.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 13052000.00 |
| 450000000 | Cash and Bank Balance | B-17 | 12111143.00 |
| 460000000 | Loans, Advances and Deposits | B-18 | 1436865.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 30309750.50 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 98171499.5 |

INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3855709.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 36996.00 |
| 140000000 | Fee & User Charges | I-4 | 1741497.00 |
| 150000000 | Sale & Hire Charges | I-5 | 212926.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 157503009.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 244633.00 |
| 180000000 | Other Income | I-9 | 7280.00 |
| 190000000 | Prior Period Income | I-19 | 2250001.00 |
| | Total Income | | 163602050.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12006796.00 |
| 220000000 | Administrative Expenses | I-11 | 715163.00 |
| 230000000 | Operations & Maintenance | I-12 | 3724438.00 |
| 240000000 | Interest & Finance Charges | I-13 | 27340.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8475680.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21410205.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 16691420.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 41041323.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 55834644.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 58108.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0. |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 6154087.00 |
| | Total Expenditure | | 166139204.00 |
| | Gross Surplus / Deficit of income over Expenditure | | 2537154.00 |
| | Gross Surplus / Deficit of income over Expenditure | | 4762976.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 24179.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 2225822.00 |

| | | | |
|---|---|---|---|
| | RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11827217.00 |
| Cash | Cash | RP-40(a) | 6008.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1079150.00 |
| 140000000 | Fees & User Charges | RP-4 | 460797.00 |
| 150000000 | Sale & Hire Charges | RP-5 | 212926.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54083920.00 |
| 171000000 | Interest Earned | RP-9 | 244633.00 |
| 190000000 | Prior Period Income | RP-11 | 14859.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11165104.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3502890.00 |
| 460000000 | Loans, Advances and Deposits | RP-49 | 728858.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 7280.00 |
| 330000000 | Secured Loans | RP-31 | 100000.00 |
| 340000000 | Deposits Received | RP-33 | 404619.00 |
| 350000000 | Other Liabilities | RP-35 | 252175.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 1442.00 |
| | Grand total | | 84091878.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 2116543.00 |
| 220000000 | Administrative Expenses | RP-13 | 271989.00 |
| 230000000 | Operations & Maintenance | RP-14 | 1754909.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 9811362.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 13142003.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 16289682.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 45104.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 3939464.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 20000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1333333.00 |
| 412000000 | Capital Work In Progress | RP-39 | 1410494.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1051942.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 799944.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 197955.00 |
| 460000000 | Loans, Advances and Deposits | RP-49 | 1675324.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 183440.00 |
| 350000000 | Other Liabilities | RP-35 | 17937247.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12096368.00 |
| Cash | Cash | RP-40(b) | 14775.00 |
| | Grand Total | | 84091878.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ശ്രേ)